# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടവിലങ്ങ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.TSR./P3/169/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 11/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടവിലങ്ങ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.TSR./P3/169/2023 തീയ്യതി: 11/04/2023

## തൃശ്ശൂർ ജില്ലയിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-04-2022 മുതൽ 16-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 20-04-2022 മുതൽ 31-12-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 17-01-2023 | 25-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-01-2023 | 25-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു രാധാകൃഷ്ണൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ജമുന പി.കെ | സെക്രട്ടറി | 01-04-2021 | 31-05-2021 |
| മിനി കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2021 | 27-06-2021 |
| രാമദാസ് കെ.എസ് | സെക്രട്ടറി | 28-06-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഗ്രീഷ്മ സുരേഷ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീജ വി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ.നിമിഷ ദാസ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.സജി പി.എ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.ഫരീദ ഇ.ഐ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| അരുൺ എം.എം | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഗിരിജാദേവി വി ബി | വി ഇ ഒ (കാര) | 01-04-2021 | 31-03-2022 |
| സെൽവി എം എഫ് | വി ഇ ഒ (മതിലകം) | 01-04-2021 | 31-03-2022 |
| ദീപ ഡി എച്ച് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 09-11-2021 |
| ബിന്ദു ആന്റണി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10-11-2021 | 31-03-2022 |
| സിനിമോൾ വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| മിനി പി.ബി | ഹെഡ്മിസ്ട്രസ് | 01-04-2021 | 09-01-2022 |
| സിന്ധു ടി.സി | ഹെഡ്മിസ്ട്രസ് | 01-01-2022 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമപെൻഷനുകൾ | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാർഷിക കണക്ക് പരിശോധന | 1-10 |
| 11 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-10-1 |
| 12 | വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-2 |
| 13 | വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-3 |
| 14 | വസ്തു നികുതി-റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-4 |
| 15 | വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-5 |
| 16 | ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-6 |
| 17 | വസ്തു നികുതി മുൻകൂർ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-7 |
| 18 | വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-10-8 |
| 19 | വസ്തുനികുതിയിനത്തിൽ കൂടുതൽ തുക ക്രമീകരിച്ചതായി കാണുന്നു. | 1-10-9 |
| 20 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് പ്രതിമാസ ഡിമാന്റ് രേഖപ്പെടുത്തുന്നില്ല | 1-10-10 |
| 21 | ലഭിക്കാനുള്ള ലൈബ്രറി സെസ് കൃത്യമായി കണക്കാക്കപ്പെടുന്നില്ല | 1-10-11 |
| 22 | വരവിനങ്ങളുടെ രജിസ്റ്റർ-മാസാന്ത്യ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല | 1-10-12 |
| 23 | വരവിനങ്ങളുടെ മുൻകൂർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-10-13 |

| | | |
|---|---|---|
| 24 | കുടിശ്ശിക ഇനങ്ങൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-10-14 |
| 25 | Prior Period -വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-15 |
| 26 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-16 |
| 27 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-10-17 |
| 28 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-18 |
| 29 | ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല. | 1-10-19 |
| 30 | ഡിപ്രിയിസേഷൻ - അതാത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനക്രമീകരിച്ചിട്ടില്ല. | 1-10-20 |
| 31 | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ബാങ്ക് അക്കൌണ്ടിലെ നീക്കിയിരിപ്പ് തുകയും പൊരുത്തപ്പെടുന്നില്ല | 1-10-21 |
| 32 | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ബാങ്ക് അക്കൌണ്ടിലെ നീക്കിയിരിപ്പ് തുകയും പൊരുത്തപ്പെടുന്നില്ല | 1-10-22 |
| 33 | ഗ്രാന്റ് വിനിയോഗിച്ചുള്ള ആസ്തികൾ-തത്തുല്യമായ തുക " Capital Contribution"ശീർഷകത്തിലേക്ക് മാറ്റിയില്ല | 1-10-23 |
| 34 | ഗുണഭോക്താക്കൾ നേരിട്ട് വഹിക്കുന്ന ഗുണഭോക്തൃവിഹിതം/വകുപ്പുകൾ നേരിട്ട് ഗുണഭോക്താക്കൾക്ക് നല്കുന്ന സംസ്ഥാന വിഹിതം എന്നിവ പഞ്ചായത്തിന്റെ വരുമാനമായും ചെലവായും ഉൾപ്പെടുത്തുന്നതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ സാങ്കല്പിക വരുമാനം, ചെലവ് എന്നിവ രേഖപ്പെടുത്തി വരുന്നു. | 1-10-24 |
| 35 | സാംഖ്യ സോഫ്റ്റ്വെയറിൽ നിന്നും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിയിലേയ്ക്ക് മാറ്റം - ശീർഷകങ്ങളിൽ വ്യത്യാസം | 1-10-25 |
| 36 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി. | 1-10-26 |
| 37 | ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ വർഷാന്ത്യ നീക്കിയിരിപ്പ് ട്രയൽ ബാലൻസിൽ ഉൾടുത്തിയിട്ടില്ല | 1-10-27 |
| 38 | കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. | 1-10-28 |
| 39 | മാസങ്ങളായിട്ടും ബാങ്കിൽ നിക്ഷേപിച്ച തുകകൾ കാഷ് ചെയ്യാത്തത് 13514/- രൂപ | 1-10-29 |

| | | |
|---|---|---|
| 40 | ഒരേ അക്കൗണ്ട് തന്നെ 2 തവണ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നു. | 1-10-30 |
| 41 | ഇലക്ട്രിക്കൽ വർക്കിന് സൂപ്പർവിഷൻചാർജ്-ജി എസ് ടി കൂടി ഉൾപ്പെട്ട എസ്റ്റിമേറ്റ് തുകയുടെ 4% കണക്കാക്കി നൽകി. | 1-11 |
| 42 | പത്ര പരസ്യം -സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല | 1-12 |
| 43 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-13 |
| 44 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-14 |
| 45 | ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല. | 1-15 |
| 46 | മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തികരിച്ചിട്ടില്ല. | 1-16 |
| 47 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങിയത് സംബന്ധിച്ച് | 1-17 |
| 48 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-18 |
| 49 | വസ്തു നികുതി നിർണയിച്ചതിലെ അപാകതൾ | 1-19 |
| 50 | വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുന്നതിലെ അപാകത | 1-20 |
| 51 | ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ വാർഷിക നികുതിയിൽ ഇളവ് അനുവദിച്ചതിലെ അപാകത | 1-21 |
| 52 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നത് സംബ: | 1-22 |
| 53 | പൊളിച്ച് കളഞ്ഞ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഒഴിവാക്കുന്നതിലെ അപാകത | 1-23 |
| 54 | MNREGS മെറ്റീരിയൽസ് സപ്ലൈ- ടെണ്ടർ നടപടികളിലെ അപാകതകൾ | 1-24 |
| 55 | ക്ഷേമപെൻഷൻ- ഡാറ്റാബേസ് അതാത് മാസം കാലികമാക്കേണ്ടതാണ് | 1-25 |
| 56 | കന്നുകുട്ടി പരിപാലനം- പദ്ധതിയിൽ നിന്നും വിട്ട് പോയ ഗുണഭോക്താക്കൾക്ക് വേണ്ടി അടവാക്കിയ പദ്ധതി വിഹിതം തിരികെ ഈടാക്കേണ്ടതാണ്. | 1-26 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 24.02.2021, തീരുമാനം നം.2/1 | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 186130098 | 184336883 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 25.03.2022 തീരുമാനം നം. 1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 221591767 | 219097631 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 01.12.2022 |

### 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 13510202.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 61777757.00 |
| ആകെ | 75287959.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 62143847.00 |
| നീക്കിയിരിപ്പ് | 13144112.00 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 14211100 | 14211100 | 13751200 | 459900 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 3146147 | 3146147 | 2957000 | 189147 |
| വികസന ഫണ്ട്-ടി.എസ്.പി(ACR പ്രകാരം) | 0 | 15200 | 15200 | 0 | 15200 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 6590000 | 6590000 | 4634763 | 1955237 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5693932 | 5693932 | 4334369 | 1359563 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Basic)(ACR പ്രകാരം) | 0 | 3154894 | 3154894 | 2942147 | 212747 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)(ACR പ്രകാരം) | 0 | 6750170 | 6750170 | 1847906 | 4902264 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പിലാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 139 | 65768708 | 131 | 41302444 | 62.8 | 94.2 |

## 1-6 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | - | - |
| കർഷകതൊഴിലാളി പെൻഷൻ | 3849200.00 | 222 |
| വിധവാ പെൻഷൻ | 21851800.00 | 1406 |
| വാർദ്ധക്യകാല പെൻഷൻ | 32425000.00 | 2286 |
| വികലാംഗ പെൻഷൻ | 4987500.00 | 324 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1036400.00 | 65 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 180000.00 | 6 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 176 | 703419 | 703595 | 703595 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 23688000 | 23688000 | 23688000 | 0 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

19-01-2023 തീയതിയിൽ 3:00 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബുക്ക് പ്രകാരം 84276/- രൂപയാണ് ക്ലോസിംഗ് ബാലൻസ് ആയി കാണ്ടത്. 12.07.2012 ൽ പഞ്ചായത്തിൽ നിന്നും 71000/- രൂപ നഷ്ടപ്പെട്ടിട്ടുണ്ട് എന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട് (ഫയൽ നം. A2/71/11). പരിശോധനയിൽ 84,276/- രൂപയിൽ 71,000/- രൂപ കിഴിച്ച്, ബാക്കി 19.01.2023 ലെ ഡേബുക്ക് പ്രകാരമുള്ള തുകയായ 13276/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 വാർഷിക കണക്ക് പരിശോധന

2021-22 വർഷത്തെ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.07/23.01.2023)

### 1-10-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

### 1-10-2 വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ(തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1628891 | 1616026 | 16292 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1628891 | 1613423 | 7105 | *0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | ( 350410101-Advance Collection-PT On Res. Bldg-ന്റെ | *( /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

| | | | ലെഡ്ജർ) | |
|---|---|---|---|---|

1.മുൻകൂർ തുക ക്രമീകരിച്ചത് പൊരുത്തപ്പെടുന്നില്ല

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-3 വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 830014 | 826744 | 7273 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 830014 | 825655 | 11970 | *0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *( 0 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.മുൻകൂർ തുക ക്രമീകരിച്ചത് പൊരുത്തപ്പെടുന്നില്ല

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-4 വസ്തു നികുതി-റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 6448 | 6448 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *4510 | 6448 | **0 |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (4736/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം

വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-5 വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ(കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 49334 | 12616 | 36721 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 49334 | 12616 | 36721 |
| | (2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(26102+25708= 25708/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | **(38562/105X100)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-6 ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 83121 | 325 | 83446 | 81909 | 325 | 82267 | 1209 | 0 | 0 | 0 | 0 |
| | നോൺ-റെസിഡൻഷ്യൽ | 42017 | 2476 | 44493 | 41745 | 632 | 42377 | 447 | 0 | 0 | 1841 | 1841 |
| | ആകെ | | | 127939 | | | 124644 | 1656 | 0 | 1841 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 58027 | | | 115017 | | | 0 | 0 | 1841 | | |
| | | 56546+1481 =(2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies...... ലെഡ്ജർ 2021-22) | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-35(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2021-22) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1.ഡിമാന്റ്, മുൻകൂർ ക്രമീകരിച്ചത്,ബാക്കി എന്നി തുകകൾ പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

1-10-7 വസ്തു നികുതി മുൻകൂർ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 4021 | 442034 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 3986 | 62105 |

1-10-8 വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

1/4/2021ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22വർഷത്തിൽ എടവിലങ്ങ് ഗ്രാമപഞ്ചായത്തിൽ 131 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100102-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റ തവണയായി 31/3/22 തീയ്യതിയിൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി

ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-9 വസ്തുനികുതിയിനത്തിൽ കൂടുതൽ തുക ക്രമീകരിച്ചതായി കാണുന്നു.

2020-21 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2021-22 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/21 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2021-22 ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 751 | 11970 |

## 1-10-10 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് പ്രതിമാസ ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.6.ൽ ചേർത്തിട്ടുണ്ട്)

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക (കെട്ടിടങ്ങൾ) | 130100101-Rent From Building | 787334 | 31.03.2022 | 42100699 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-11 ലഭിക്കാനുള്ള ലൈബ്രറി സെസ് കൃത്യമായി കണക്കാക്കപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 38562/-രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 1836/- (38562/105X5 )ആണ്. എന്നാൽ ഈ ശീർഷകത്തിൽ 1481/-രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-10-12 വരവിനങ്ങളുടെ രജിസ്റ്റർ-മാസാന്ത്യ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4വാടക ഡിമാന്റ് രജിസ്റ്റർ

5 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-10-13 വരവിനങ്ങളുടെ മുൻകൂർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2022 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 90950 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 33400 |

## 1-10-14 കുടിശ്ശിക ഇനങ്ങൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും,വാടകയിനത്തിലും കുടിശ്ശിക

ഉണ്ട്.എന്നാൽ നികുതി, നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-10-15 Prior Period -വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-19) പ്രകാരം “190000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-19) | 31/3/2022ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101-Prior Period Income -Property Tax On Residential Buildings | 1188 |

## 1-10-16 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-10-17 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-10-18 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 366090/- രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3167885/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-10-19 ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2021-22 വർഷത്തെ Income And Expenditureപത്രിക(I-17(A)) പ്രകാരം 3405648/-രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

1-10-20 ഡിപ്രിയിസേഷൻ - അതാത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനക്രമീകരിച്ചിട്ടില്ല.

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിയിസേഷൻ, അക്യുമലേറ്റഡ് ഡിപ്രിയിസേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല

1-10-21 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/22 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/22 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 311100101 | Distress Relief Fund | 1288 | 450210102 | 110353000001553(KTCB) | 1263 |
| 2 | 320100105 | Awards And Honours | 520000 | 450210101 | 13880200303964(Federal Bank) | 500000 |
| 3. | 320200104 | CFC-(Basic ) | 194427 | 450210101 | 13880100260553(Federal Bank) | 3779039 |
| 4 | 320200113 | CFC-(Tied ) | 3560708 | 450210201 | 799011400001338 | 986519 |
| | | | 3755135 | | | |
| 5 | 320700104 | JVP(Block) | 450 | | | |
| 6 | 320700105 | JVP(District) | 25952 | | | |
| 7 | 320700204 | JVP(Block) | 432419 | | | |
| 8 | 320700205 | JVP(District) | 613613 | | | |
| 9 | 320700404 | JVP(Block) | 0 | | | |
| | | | 1072434 | | | |

1-10-22 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയും പൊരുത്തപ്പെടുന്നില്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക്

തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450210101 | 5701110709(SBI) | 15 |
| 2 | 450210102 | 10707032550(District Co-operative Bank) | 4729 |

## 1-10-23 ഗ്രാന്റ് വിനിയോഗിച്ചുള്ള ആസ്തികൾ-തത്തുല്യമായ തുക " Capital Contribution"ശീർഷകത്തിലേക്ക് മാറ്റിയില്ല

31/3/2021 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ 25258269/- എന്ന അതേ തുക തന്നെയാണ് 31/3/2022 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-10-24 ഗുണഭോക്താക്കൾ നേരിട്ട് വഹിക്കുന്ന ഗുണഭോക്തൃവിഹിതം/വകുപ്പുകൾ നേരിട്ട് ഗുണഭോക്താക്കൾക്ക് നല്കുന്ന സംസ്ഥാന വിഹിതം എന്നിവ പഞ്ചായത്തിന്റെ വരുമാനമായും ചെലവായും ഉൾപ്പെടുത്തുന്നതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ സാങ്കല്പിക വരുമാനം, ചെലവ് എന്നിവ രേഖപ്പെടുത്തി വരുന്നു.

ഗുണഭോക്താക്കൾ നേരിട്ട് വഹിക്കുന്ന ഗുണഭോക്തൃവിഹിതം/വകുപ്പുകൾ നേരിട്ട് ഗുണഭോക്താക്കൾക്ക് നല്കുന്ന സംസ്ഥാന വിഹിതം എന്നിവ പഞ്ചായത്തിന്റെ വരുമാനമായും ചെലവായും ഉൾപ്പെടുത്തുന്നതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ സാങ്കല്പിക വരുമാനം, ചെലവ് എന്നിവ രേഖപ്പെടുത്തി വരുന്നു.

ഉദാഹരണത്തിന് ഫിഷറീസ് ഇൻസ്പെക്ടർ പ്രോജക്ട് നമ്പർ 70/22 (വീട്ടുവളപ്പിലെ കുളങ്ങളിൽ മത്സ്യകൃഷി),79/22(ബയോഫ്ലോക്ക് മത്സ്യകൃഷി) എന്നിവയ്ക്ക് ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിച്ച , യഥാക്രമം 147600/-,165600 രൂപ ജേണൽ വൗച്ചർ നമ്പർ 42100579,42100578തീയ്യതി 31/3/22 പ്രകാരം "160102601 -Beneficiary Contribution (Utilised)" (I-6) ശീർഷകത്തില് വരുമാനമായും 250130201-ശീർഷകത്തിൽ "250131401 "ശീർഷകങ്ങളിൽ(I-14) ചെലവായും രേഖപ്പെടുത്തിയിരിക്കുന്നു. ഈ രേഖപ്പെടുത്തലിന് ആധികാരികമായ വൗച്ചർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. നിർവ്വഹണോദ്യഗസ്ഥൻ ഓൺലൈൻ ആയി നല്കുന്ന റിക്വസ്റ്റ് മാത്രമാണ് ഈ രേഖപ്പെടുത്തലിന് ആധാരം.

ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്നതിന്റെ ആധികാരികമായ ചെലവ് കണക്കാക്കാനോ ആയതിന്റെ വൗച്ചർ, രേഖകൾ എന്നിവ സൂക്ഷിക്കാനോ പഞ്ചായത്തിന് സാധിക്കുന്നതല്ല. പ്രോജക്ട് തയ്യാറാക്കുന്ന വേളയിലുള്ള ഏകദേശ കണക്കിനെ അടിസ്ഥാനമാക്കി നിർവ്വഹണോദ്യഗസ്ഥൻ പ്രോജക്ട് പൂർത്തിയായ ശേഷം ഓൺലൈൻ ആയി നല്കുന്ന റിക്വസ്റ്റ് ആണ് ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന തുക രേഖപ്പെടുത്തലിന് ആധാരം. നേരിട്ട് ചിലവഴിച്ച ഈ തുകയുടെ കൃത്യത പഞ്ചായത്ത് തലത്തിൽ നിരീക്ഷിക്കാൻ സംവിധാനമില്ലാത്തതാണ്. എന്നാൽ ഇവ രണ്ടും പഞ്ചായത്തിന്റെ വരുമാനവും ചെലവുമായി വാർഷികകണക്കിൽ ഉൾപ്പെടുന്നു. ഇപ്രകാരം ചെയ്തതിനാൽ, ഈ പദ്ധതികൾക്ക് പഞ്ചായത്ത് ചെലവഴിച്ചത് 139200/- മാത്രമായിരിക്കേ വാർഷികകണക്കിൽ 45,2400/- രൂപ വരുമാനമായും ചെലവായും രേഖപ്പെടുത്തിയിരിക്കുന്നു.

സ്ഥാപനത്തിന്റെ കണക്കുകൾ തയ്യാറാക്കുന്നതിന് അക്കൌണ്ടിംഗ് തത്വങ്ങളും നയങ്ങളും സർക്കാർ ഉത്തരവ് 152/2011 തീ 26.07.2011 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. ഈ ഉത്തരവിൽ മേൽ രീതിയിൽ സാങ്കല്പികമായ തുകകളുടെ രേഖപ്പെടുത്തലുകൾ നടത്താൻ നിർദ്ദേശമില്ലാത്തതാണ്.മേൽ തുകകളൊന്നും തന്നെ പഞ്ചായത്തിൽ ഗുണഭോക്താക്കൾ അടക്കുന്നതു മൂലം ലഭിക്കുന്ന/ലഭിച്ച തുകയോ, പഞ്ചായത്തിന് അക്രൂ ചെയ്ത തുകയോ,

പഞ്ചായത്തിന് വേണ്ടി ഒരു കക്ഷി മൂന്നാം കക്ഷിക്കുവേണ്ടി നൽകുന്ന തുകയോ അല്ല. പഞ്ചായത്ത് നൽകുന്ന സബ്സിഡി തുകയിലൂടെ ഗുണഭോക്താവ് ആർജ്ജിക്കുന്ന ആസ്തിയുടെ മൂല്യം/ചെലവിന്റെ മൂല്യം , ഡിപ്പാർട്ട്മെന്റ് ചെലവഴിച്ച തുക എന്നിവ പഞ്ചായത്തിന്റെ വാർഷികകണക്കിൽ ചേർക്കുന്നതിനാൽ പഞ്ചായത്തിന്റെ ഇൻകം&എക്സ്പെൻഡിച്ചർ പത്രിക യിൽ സാങ്കല്പിക വരുമാനവും ചെലവും രേഖപ്പെടുത്തുന്നു. ഇപ്രകാരം വാർഷികകണക്കുകളിലെ തുകകൾ സ്ഥാപനത്തിന്റെ യഥാർത്ഥപ്രവർത്തനം വെളിപ്പെടുത്തുന്നതിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നതായി ഓഡിറ്റിൽ അഭിപ്രായപ്പെടുന്നു.

## 1-10-25 സാംഖ്യ സോഫ്റ്റ്‌വെയറിൽ നിന്നും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിയിലേയ്ക്ക് മാറ്റം - ശീർഷകങ്ങളിൽ വ്യത്യാസം

ഗ്രാമപഞ്ചായത്ത് 05/9/21 വരെ സാംഖ്യ സോഫ്റ്റ്‌വെയറിലാണ് കണക്കുകൾ തയ്യാറാക്കിയിരുന്നത്.06/9/21 മുതൽ ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിൽ കണക്കുകൾ തയ്യാറാക്കി തുടങ്ങി. സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരുന്ന വാർഷികകണക്കിൽ ചേർത്തിരുന്ന ശീർഷകങ്ങൾ ILGMS ൽ വ്യത്യാസപ്പെട്ടതായി കാണുന്നു. സർക്കാർ ഉത്തരവ് 152/2011 ത.സ്വ.ഭ.വ തീ 26/7/11 പ്രകാരം നിർവ്വചിച്ച അക്കൌണ്ട് ശീർഷകങ്ങളിൽ നിന്നും വ്യത്യസ്തമായി കൂടുതൽ ശീർഷകങ്ങൾ പുതിയ സോഫ്റ്റ്‌വെയറിൽ ചേർത്തിരിക്കുന്നു. ആയതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല. Opening Balance Sheet

05/09/21 ലെ ഓഡിറ്റ് ചെയ്ത ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ പുതിയ സോഫ്റ്റ്‌വെയറിൽ ഓപ്പണിംഗ് ബാലൻസ്ഷീറ്റായി ചേർത്തപ്പോൾ പുതിയ ശീർഷകങ്ങളിലേക്ക് വിഭജിച്ച് നല്കിയതായി കാണുന്നു. ആകെ തുകയിൽ വ്യത്യാസമില്ല. ഇപ്രകാരം വിഭജിച്ച് നല്കിയതിന് ആധികാരികമായി വർക്ക്ഷീറ്റുകൾ തയ്യാറാക്കിയിട്ടില്ല.

## 1-10-26 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി.

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കിയതിന്റെ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 126,619,743 |
| ആകെ ചെലവ് (B) | | 127,700,548 |
| മിച്ചം തുക C= A-B | | (-)10,80,805 |
| Prior Period Income | 1188 | |
| Prior Period Expenditure | (-)1575 | |
| Net Difference Between Prior Period Income And Expenses ( D ) | 2763 | |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മി ച്ച തുക (E) =C+D | (-)10,80,805 + 2763 | 1078042 |

എന്നാൽ ഫോർമുല പ്രകാരം (E) =C-D എന്ന് ചേർത്തിട്ടുള്ളതിനാൽ (-)10,80,805 ൽ നിന്നും 2763 കുറച്ചപ്പോൾ ലഭിച്ച 1080418 രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്. എന്നാൽ 31/3/22 ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുള്ളത് ശരിയായ 1078042/- രൂപ തന്നെയാണ്.

| | |
|---|---|
| 31/3/22ട്രയൽ ബാലൻസ് പ്രകാരം മിച്ച തുക ക്രമീകരിക്കുന്നതിനു മുമ്പ് 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | 3044121 |

| | |
|---|---|
| കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മി ച്ച തുക (E) =C+D | 1078042 |
| 31/3/22 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | 1966079 |

1-10-27 ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ വർഷാന്ത്യ നീക്കിയിരിപ്പ് ട്രയൽ ബാലൻസിൽ ഉൾട്ടുത്തിയിട്ടില്ല

290500101 ശീർഷകത്തിൽ Prior Period Expenses- Tax Remission & Refund-Property Tax On Residential Bulidings-ൽ (-)1,576 ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-18 Prior Period Expenditure-ൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ ഈ ശീർഷകങ്ങളിലെ നീക്കിയിരിപ്പ് തുകകൾ ട്രയൽ ബാലൻസിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. ഈ തുകകൾ ഉൾപ്പെടുത്താതിരുന്നതിലുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

1-10-28 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)).ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 480047 | 21.08.2019 | 214(KTCB-110353000001551) |

1-10-29 മാസങ്ങളായിട്ടും ബാങ്കിൽ നിക്ഷേപിച്ച തുകകൾ കാഷ് ചെയ്യാത്തത് 13514/- രൂപ

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 13514/- രൂപ "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും (06.09.2021 മുതൽ 31.03.2022 വരെ) ക്യാഷ് ചെയ്തിട്ടില്ല. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

1-10-30 ഒരേ അക്കൗണ്ട് തന്നെ 2 തവണ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നു.

കോവിഡ് അക്കൗണ്ട് ആയി Treasury യിൽ തുടങ്ങിയ 799012900000048 എന്ന അക്കൗണ്ടിൽ നീക്കിയിരിപ്പായി 40(b) യിൽ 630845/- Debit(പോസറ്റീവ്) ആയും Credit(നെഗറ്റീവ്) ആയും ഒരേ ഹെഡ്ഡിൽ കാണിച്ചിരിക്കുന്നു. (450210105)

1-11 ഇലക്ട്രിക്കൽ വർക്കിന് സൂപ്പർവിഷൻചാർജ്-ജി എസ് ടി കൂടി ഉൾപ്പെട്ട എസ്റ്റിമേറ്റ് തുകയുടെ 4% കണക്കാക്കി നൽകി.

22-9-2015ലെ സർക്കാർ ഉത്തരവ് (സാധാ) നം.2878/2015/തസ്വഭവ, പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ഇലക്ട്രിക് പ്രവർത്തികളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 4% പ്രതിഫലമായി അനുവദിക്കാവുന്നതാണ്. ഈ ആവശ്യത്തിനായി ജി.എസ്.ടി ഉൾപ്പെടാതെയുള്ള തുകയാണ് എസ്റ്റിമേറ്റ് തുകയായി പരിഗണിക്കേണ്ടതെന്ന് ഫിനാൻസ് (ഇന്റസ്ട്രീസ്&പബ്ലിക് വർക്ക്സ്-ബി) വകുപ്പിന്റെ 1-3-2019ലെ, 18/2019/fin സർക്കുലർ ഖണ്ഡിക 6-ൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രവർത്തികളിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും, സൂപ്പർവിഷനുമായി ജി എസ് ടി ഉൾപ്പെടാത്ത എസ്റ്റിമേറ്റ് തുകയ്ക്ക് പകരം., എസ്റ്റിമേറ്റ്+12% ജി എസ് ടി തുകയുടെ 4%ആണ് നൽകിയിരിക്കുന്നത്. ഇപ്രകാരം അധികം നൽകിയ തുക ബന്ധപ്പെട്ടവരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.

01 /19.01.2023)

| പ്രോജക്റ്റ് നം., പേര് | എസ്റ്റിമേറ്റ് തുക | 12% ജി.എസ്.ടി അടക്കമുള്ള എസ്റ്റിമേറ്റ് തുക | 4% പ്രതിഫലം നൽകാവുന്നത് | നൽകിയത് | അധികം നൽകിയത് | തുക നൽകിയതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|---|
| പി.എച്ച്.സി. ഹാൾ ഇലക്ട്രിഫിക്കേഷൻ, 118/22, | 253548 | 283973.76 | 10142 | 11359 | 1217 | വൗച്ചർ നം-22100690/13.09.2021, തുക 94264/- (178537/- രൂപ മുൻവർഷം നൽകി) |
| കൃഷിഭവൻ പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് ഇലക്ട്രിഫിക്കേഷൻ, 37/22, | 80391 | 90037.92 | 3216 | 3602 | 386 | വൗച്ചർ നം-22100808/07.02.2022, തുക 80175/- |
| | | ആകെ | | | 1603 | |

## 1-12 പത്ര പരസ്യം -സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല

ജി.ഒ (ആർ.ടി) 01/11 ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങളും തദ്ദേശഭരണസ്ഥാപനങ്ങളും വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2021-22 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നം./പേര് | വൗച്ചർ നം. | തുക | പത്രം |
|---|---|---|---|
| പദ്ധതി ആസൂത്രണം മോണിറ്ററിംഗ്, 02/22 | 22100391 /09.08.2021 | 39407/- | ദേശാഭിമാനിയ്ക്ക് 12600/-രൂപയും ജനയുഗത്തിന് 4032/-രൂപയും നൽകി. |
| | 22100407/11.08.2021 | 12600/- | ദേശാഭിമാനി |
| | 22100156/23.10.2021 | 7543 | ജനയുഗത്തിന് 2688/-രൂപ നൽകി |
| | 22100184/03.11.2021 | 7829 | ജനയുഗത്തിന് 2688/-രൂപ നൽകി |
| | 22100314/29.12.2021 | 2688/- | ജനയുഗം |
| | 22100372/14.01.2022 | 2908/- | ജനയുഗം |
| | ” | 2688/- | ജനയുഗം |
| | 22100561/08.03.2022 | 2688/- | ജനയുഗം |
| | 22100617/17.03.2022 | 8589/- | ജനയുഗത്തിന് 2520/-രൂപ നൽകി |

| | | | |
|---|---|---|---|
| | 22100671/31.03.2022 | 2520/- | ജനയുഗം |

സർക്കാർ ഉത്തരവിന് വിരുദ്ധമായി വിവിധ ബില്ലുകളിലായി അധികമനുവദിച്ച തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനോ, ഭാവിയിൽ ഈ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ബിൽ തുകയിൽ നിന്ന് ക്രമീകരിക്കുന്നതിനോ നടപടികൾ ഉണ്ടാവേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 02/21.01.2023 )

## 1-13 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഐ.കെ.എം വിഹിതം നൽകൽ പദ്ധതി (നം.04/22) പ്രകാരം 87000/- രൂപ(വൗച്ചർ. നം.22100689/13.09.2021) ഐ.കെ.എം.ന് നൽകിയിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം .03/21.01.2022)

## 1-14 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടണ്

വി.ഇ.ഒ. കാര(സർക്കിൾ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ജൽജീവൻ മിഷൻ എന്ന പദ്ധതികൾക്കായി (നം.119/22 & 60/22) യഥാക്രമം 1405732/-രൂപയും 1613312/- രൂപയും KWA യ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

1.വൗച്ചർ നം.22100748/03.12.2021 319868/-

22100667/26.03.2022 900592/-

22100656/26.03.2022 185272/-

1405732/-

2.വൗച്ചർ നം.22100749/03.12.2021 1613312/-

(ഓഡിറ്റ് എൻക്വയറി നം .04/21.01.2022)

## 1-15 ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല.

വി.ഇ.ഒ. കാര(സർക്കിൾ) നടപ്പിലാക്കിയ പെർഫോമൻസ് ബെയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റിന്റെ വിനിയോഗം എന്ന പദ്ധതിയിൽ (നം.110/22) ടോയ്ലെറ്റ് നിർമ്മാണത്തിനായി ആദ്യ ഗഡുക്കൾ (5000/-) കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം . 05 /21.01.2023)

| | |
|---|---|
| 1 | ശാലിനി ബാബു,തൈക്കാട്ട് വീട് |
| 2 | കുഞ്ഞുവേലായി ഗോപാലൻ |
| 3 | ജയ മനോജ്. |
| 4 | സുധ സുബ്രഹ്മണ്യൻ |
| 5 | മല്ലിക ഉണ്ണികൃഷ്ണൻ. |
| 6 | ഷൈലജ സുധീഷ് |
| 7 | അമ്മിണി അപ്പുക്കുട്ടൻ |
| 8 | അയ്യുണ്ണി |
| 9 | പ്രജിത |
| 10 | അജിത ഗിരീഷ് |
| 11 | മണി സദാനന്ദൻ |
| 12 | രഘുനാഥൻ |
| 13 | വാസന്തി വിശ്വംഭരൻ |

| | |
|---|---|
| 14 | മോഹനൻ വേലായുധൻ |
| 15 | ലക്ഷ്മിക്കുട്ടി |
| 16 | സജീവൻ കുട്ടപ്പൻ |
| 17 | കോമള സത്യൻ |
| 18 | ഷീല അജയൻ |
| 19 | രാജീവൻ |
| 20 | സാവിത്രി മോഹനൻ |
| 21 | സഫിയ സെയ്തു |
| 22 | ഷൈല കൃഷ്ണൻ |
| 23 | വൽസല മോഹനൻ |
| 24 | നിഷ ബിനീഷ് |
| 25 | ചന്ദ്രൻ രാമൻ |
| 26 | സരിത സുനിൽകുമാർ |
| 27 | ഷീജ ജോജി |
| 28 | മല്ലിക അറുമുഖൻ |
| 29 | വൽസല കൊച്ചയ്യപ്പൻ |
| 30 | വാസു.ടി.ആർ |
| 31 | ശ്യാമള പേങ്ങൻ |
| 32 | സൗമ്യ വിനോദ്കുമാർ |
| 33 | ബിന്ദു സുനിൽ കുമാർ |
| 34 | ഷീബ കൃഷ്ണൻ കുട്ടി |
| 35 | കൗസല്ല്യ രവി |
| 36 | വിലാസിനി ശിവൻ |
| 37 | ദേവയാനി ബാഹുലേയൻ |
| 38 | സിനി ഇപ്രൻ |
| 39 | കോമള രാഘവൻ |
| 40 | നബീസ ബുഹാരി |
| 41 | ആമി ബീരാൻ |
| 42 | സിന്ധു സുരേഷ് |
| 43 | ഉഷ ഉണ്ണികൃഷ്ണൻ |
| 44 | ബേബി രാജൻ |
| 45 | രാധ തിലകൻ |
| 46 | വനജ വിശ്വനാഥൻ |
| 47 | ബീന ലവൻ |
| 48 | അയ്യപ്പൻ കുട്ടി കുഞ്ഞിരാമൻ |
| 49 | അശ്വതി വെങ്കിടേഷ് |
| 50 | പുഷ്കരൻ ചാത്തുണ്ണി |
| 51 | ധന്യ ദാസൻ |
| 52 | ലിജ വേലായുധൻ |
| 53 | ശശി കുഞ്ഞൻ |
| 54 | ഉണ്ണികൃഷ്ണൻ |

| | |
|---|---|
| 55 | അരുന്ധതി ബാബു |
| 56 | അസ്മാബി അബ്ദു |
| 57 | ലളിത ഉത്തമൻ |
| 58 | സൈനബ കാദർ |
| 59 | ധനീഷ സുബ്രഹ്മണ്യൻ |
| 60 | സരിത വെങ്കിടേഷൻ |
| 61 | സജിനി രമേഷ് ബാബു |
| 62 | മനോജ് ശശിധരൻ |
| 63 | നളിനി നാരായണൻ |
| 64 | സുലോചന സത്യൻ |

മുകളിൽ പറഞ്ഞ ഗുണഭോക്താക്കളുടെ ടോയ്‌ലറ്റ് നിർമ്മാണം പൂർത്തീകരിച്ച് അറിയിക്കേണ്ടതും പൂർത്തീകരിക്കാത്തവരിൽ നിന്നും പലിശ സഹിതം തിരികെ പിടിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-16 മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തികരിച്ചിട്ടില്ല.

വി.ഇ.ഒ., കാര നിർവഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ രജിസ്റ്റർ പ്രകാരം മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തികരിച്ചിട്ടില്ല.മറുപടി ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

(ഓഡിറ്റ് എൻക്വയറി-നം.06/21.01.2023)

| പദ്ധതിയുടെ പേര്/നം. | ഗുണഭോക്താക്കൾ | പദ്ധതി പ്രകാരം അർഹതപ്പെട്ട തുക | കൈപ്പറ്റിയ തുക |
|---|---|---|---|
| ലൈഫ് പദ്ധതി,32/22 | അനിത കുമാരി | 400000/- | 300000/- |
| | സുനിൽ ടി.എസ് | | 300000/- |
| | ശ്രീദേവി അനിൽകുമാർ | | 300000/- |
| | സിരിജ | | 300000/- |
| | ബാബു.ടി.വി | | 300000/- |
| | ലീല സുകുമാരൻ | | 300000/- |
| | സുരേഷ് കുട്ടപ്പൻ | | 300000/- |
| | ശിവരാമൻ | | 300000/- |
| | നീലിപ്പെണ്ണ് | | 40000/- |
| | ജയൻ നമ്പിയാട്ട് | | 300000/- |
| | മനോജ് കുമാർ | | 300000/- |
| | വൽസല അപ്പു | | 200000/- |
| | സുമതി | | 200000/- |
| | റോഷിനി.എം.എസ് | | 200000/- |

മുകളിൽ പറഞ്ഞ ഗുണഭോക്താക്കളുടെ വീട് പണി പൂർത്തീകരിച്ച് അറിയിക്കേണ്ടതും പൂർത്തീകരിക്കത്തവരിൽ നിന്നും പലിശ സഹിതം തിരികെ പിടിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-17 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങിയത് സംബന്ധിച്ച്

2021-22 സാമ്പത്തിക വർഷം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിന് 17.02.2021 ലെ

ഭരണാനുമതി പ്രകാരം പ്രൊജക്ട് വെച്ചിരുന്നു

| | |
|---|---|
| പ്രൊജക്ട് നമ്പർ | 17/22 |
| അടങ്കൽ തുക | 2,00,000/- |
| ഫണ്ട് | മെയിൻറനൻസ് ഫണ്ട് റോഡിതരം 2,00,000/- |
| ചെലവ് തുക | 2,00,000/- |
| വൗച്ചർ നമ്പർ / തീയതി | 22100777 / 10.01.2022 |

രണ്ടുലക്ഷം രൂപയുടെ മരുന്ന് ലഭിക്കുന്നതിനായി ഹോംകോയിലേക്ക് 15.03.2022 ന് മരുന്ന് ആവശ്യപ്പെട്ടിരുന്നെവെങ്കിലും 21.12.2022 ന് (ഏകദേശം 9 മാസങ്ങൾക്ക് ശേഷം ) ആകെ 68,130/- രൂപ യുടെ മരുന്നു മാത്രമേ ലഭ്യമായിട്ടുള്ളൂ ബാക്കി തുകയുടെ (1,31,870/- രൂപയുടെ) മരുന്നു ലഭ്യമാകാതെയിരുന്നതിന് കാരണം വ്യക്തമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.16/25.01.23) നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ലാത്തതാണ്. ബാക്കി തുകയുടെ മരുന്നു ലഭ്യമാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-18 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1) ഗ്രാമപഞ്ചായത്തിന്റെ Day Book പ്രകാരം 14.12.2022 ൽ 30,933/- രൂപയുടെ വരവ് ഉണ്ടായിട്ടുണ്ട്. ടി തുക കൊടുങ്ങല്ലൂർ ടൗൺ കോപ്പറേറ്റീവ് ബാങ്ക് എടവിലങ്ങ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള (അക്കൗണ്ട് നമ്പർ 01110353000001551) തനത് ഫണ്ടിന്റെ അക്കൗണ്ടിലാണ് വരവ് വയ്ക്കേണ്ടിയിരുന്നത്. എന്നാൽ ആയത് തനത് ഫണ്ടിൽ വരവ് വയ്ക്കുന്നതിന് പകരം എടവിലങ്ങ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ പേരിലുള്ള ഡിസ്ട്രിസ് റിലീഫ് ഫണ്ടിന്റെ അക്കൗണ്ടിലാണ് വരവ് വെച്ചിരുന്നത്. ഓഡിറ്റിൽ നിന്നുള്ള വാക്കാൽ അന്വേഷണത്തെ തുടർന്ന് 14.12.2022 ലെ വരവ് തുകയായ 30,933/- രൂപ 21.01.2023 ന് ആണ് തനത് ഫണ്ടിൽ വരവ് വെച്ചിട്ടുള്ളതായി ബാങ്ക് പാസ്സ് ബുക്ക് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. ആയത് സംബന്ധിച്ച നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു

A) 14.12.2022 ലെ വരവ് തുക ബാങ്കിൽ അടവാക്കിയതിനു ശേഷം ആയത് കൃത്യമായി തനത് ഫണ്ടിൽ വരവ് വച്ചതായി പഞ്ചായത്തിലെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടില്ലാത്തതാണ്.

B) ഡിസംബർ മാസത്തിലെ ബാങ്ക് റീകൺസീലിയേഷൻ ജനവരി അഞ്ചിനു മുമ്പായി ചെയ്യേണ്ടതാണ്. ആയത് കൃത്യ സമയത്ത് ചെയ്യാതിരുന്നതിനാൽ തന്നെ തുക അക്കൗണ്ട് മാറി വരവ് വെച്ച വിവരം പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടാതെ പോയിട്ടുണ്ട്.

2)2021-22, 2022-23 സാമ്പത്തിക വർഷത്തെ രസീത് പരിശോധനയിൽ ക്യാൻസൽഡ് രസീത് റിപ്പോർട്ട് പ്രകാരം ക്യാൻസൽ ചെയ്തിട്ടുള്ള എല്ലാ രസീതുകളുടെയും ഒറിജിനൽ ലഭ്യമായിരുന്നില്ല.

മേൽപ്പറഞ്ഞ നിരീക്ഷണങ്ങൾക്ക് മറുപടി നൽകുന്നതിന് എൻക്വയറി നം. 15/25.01.2023 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ലാത്തതാണ്. വരവ് കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ടെന്ന് പഞ്ചായത്തിലെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ക്യാൻസൽഡ് രസീത് ദുരുപയോഗം ചെയ്യുന്നതിന് സാധ്യതയുള്ളതിനാൽ ആയവ കൃത്യമായി സൂക്ഷിച്ച് ഫയൽ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 വസ്തു നികുതി നിർണയിച്ചതിലെ അപാകതൾ

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. 100 മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ളഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 50/- രൂപയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യകെട്ടിടത്തെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി അടിസ്ഥാനവസ്തു നികുതി

30/- രൂപ നിരക്കിൽ വസ്തു നികുതി നിർണയിച്ചിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| | കെട്ടിട നം. 8/89 മുഹമ്മദ് മക്കാർ ഹാജി | | കെട്ടിട നം. 9/22/A ജെന്നി വർഗ്ഗീസ് | |
|---|---|---|---|---|
| | സഞ്ചയയിലെ നികുതി നിർണയം | യഥാർത്ഥ നികുതി | സഞ്ചയയിലെ നികുതി നിർണയം | യഥാർത്ഥ നികുതി |
| അടിസ്ഥാന വസ്തു നികുതി നിരക്ക് (ച .മീ) രൂപ | 30 | 50 | 30 | 50 |
| തറ വിസ്തീർണം | 291.2 | | 227.6 | |
| അടിസ്ഥാന വസ്തു നികുതി രൂപ | 8736 | 13060 | 6828 | 11380 |
| അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള ഇളവുകൾ | | | | |
| (എ.) മേഖല (തുക) | 1747.2 | 2612 | ഇല്ല | ഇല്ല |
| (ബി.) വഴി സൗകര്യം (തുക) | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| (സി.) മേൽക്കൂര (തുക) | 873.6 | 1306 | 682.8 | 1138.0 |
| (ഡി.) കാലപ്പഴക്കം (തുക) | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| (ഇ.) ആകെ ഇളവ് (%) | 30 | 30 | 10 | 10 |
| (എഫ്.) ആകെ ഇളവ് (തുക) | 2620.8 | 3918 | 682.8 | 1138.0 |
| അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള വർദ്ധനവുകൾ (വഴി സൌകര്യം 20%) | 1747.2 | 2612 | 1365.6 | 2276 |
| | വാർഷിക തുക | | വാർഷിക തുക | |
| വസ്തു നികുതി (തുക) | 7863 | 11754 | 7511 | 12518 |
| ലൈബ്രറി സെസ്സ് (തുക) | 394 | 587 | 376 | 626 |

| | | | | |
|---|---|---|---|---|
| സർവ്വീസ് ചാർജ്ജ് (തുക) | 0 | 0 | 0 | 0 |
| സർചാർജ്ജ് 1 (തുക) | 0 | 0 | 0 | 0 |
| സർചാർജ്ജ് 2 (തുക) | 0 | 0 | 0 | 0 |
| ആകെ (തുക) | 8257 | 12341 | 7887 | 13144 |

മേൽ പ്രകാരം തെറ്റായി വസ്തുനികുതി നിർണ്ണയിച്ചതിന്റെ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും (ഓഡിറ്റ് എൻക്വയറി നം.17/25.01.23) ആയത് ലഭ്യമായില്ല. വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും കൃത്യമായ രീതിയിൽ വസ്തുനികുതി കണക്കാക്കി ഓഡിറ്റിനെ വിവരം അറിയുക്കേണ്ടതുമാണ്.

## 1-20 വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുന്നതിലെ അപാകത

സ.ഉ (കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ് (കോവിഡ് പശ്ചാത്തലത്തിൽ കാലാവധി നീട്ടി നൽകിയിട്ടുണ്ട്). കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ സാമ്പത്തിക വർഷവും വസ്തു നികുതി ഇളവിനായി സാക്ഷ്യപത്രം സമർപ്പിക്കുമ്പോൾ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷത്തിൽ ആകെ 37 വിമുക്തഭടന്മാർക്ക്/ അവരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് വസ്തു നികുതി കൊടുക്കുന്നതിൽ നിന്ന് ഒഴിവ് നൽകിയിട്ടുള്ളതാണ്. എന്നാൽ 9 അപേക്ഷകർ മാത്രമേ പഞ്ചായത്തിൽ നികുതി ഇളവിനായി അപേക്ഷിച്ചതായി കാണുന്നുള്ളൂ. ബാക്കി 28 പേർ അപേക്ഷ നൽകിയതായോ സ്റ്റാൻഡിങ് കമ്മിറ്റി അംഗീകാരം നൽകിയതായോ കാണുന്നില്ല. അപേക്ഷ സമർപ്പിക്കാത്തവർക്ക് ഇളവ് നൽകിയതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും (ഓഡിറ്റ് എൻക്വയറി നം.17/25.01.2023) ലഭ്യമാക്കിയില്ല. കെട്ടിട നികുതി ഇളവിന് അർഹരായവരിൽ ഓരോ വർഷവും അപേക്ഷ സമർപ്പിച്ചവർക്ക് മാത്രം നികുതി ഇളവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ വാർഷിക നികുതിയിൽ ഇളവ് അനുവദിച്ചതിലെ അപാകത

2018ലെ കേരള പഞ്ചായത്തീരാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ് ചട്ടങ്ങൾ ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ 60 ദിവസമോ അതിൽ കൂടുതലോ ആയകാലത്തേക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞു കിടക്കുന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ് ചട്ടം 21 (2) (ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷാതീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞു കിടക്കുന്ന തീയതി മുതൽക്കോ ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടത്. എന്നാൽ മേൽ ഉത്തരവ് പാലിക്കാതെ കെട്ടിടങ്ങൾക്ക് ഇളവ് നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടു.

ഉദാഹരണത്തിന് ശ്രീ.മഹീൻ എന്ന വ്യക്തി, ടിയാളുടെ പേരിലുള്ള കെട്ടിട നം. 4/511 മുതൽ 4/518 വരെയുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് നികുതി ഇളവിനായി അപേക്ഷ സമർപ്പിച്ചത് 29.11.2021 ന് ആണ്. എന്നാൽ ടിയാൾക്ക് ചട്ട വിരുദ്ധമായി 01.10.2021 മുതൽ ഇളവ് നൽകിയതായി കാണുന്നു. ഇക്കാര്യം ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം.17/25.01.23) മറുപടി ലഭ്യമാക്കിയില്ല.

ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾക്ക് വാർഷിക നികുതിയിൽ ഇളവ് നൽകുമ്പോൾ ചട്ടപ്രകാരമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-22 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നത് സംബ:

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളിൽ താഴെപ്പറയുന്ന രണ്ട് ടവറുകൾക്ക് വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു.

| ക്രമ. നം. | കെട്ടിട നം. | കുടിശ്ശിക തുക | കുടിശ്ശിക കാലയളവ് | കെട്ടിട ഉടമയുടെ വിവരങ്ങൾ |
|---|---|---|---|---|
| 1. | 5/239 | 21496/- | 2018 ആദ്യ അർദ്ധ വർഷം മുതൽ 2020 രണ്ടാം അർദ്ധ വർഷം വരെ. | സബ്ബ് ഡിവിഷണൽ എഞ്ചിനീയർ, ബി.എസ്.എൻ.എൽ മൊബൈൽ സർവ്വീസ്, തൃശ്ശൂർ, എടവിലങ്ങ് |
| 2. | 13/185 | 29920/- | | സബ്ബ് ഡിവിഷണൽ എഞ്ചിനീയർ, ബി.എസ്.എൻ.എൽ മൊബൈൽ സർവ്വീസ്,തൃശ്ശൂർ, കാര |

നികുതി കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ വിശദമാക്കുന്നതിനും 2018-19 ലെ വസ്തു നികുതി കുടിശ്ശിക നിലനിൽക്കെ 2021-22 വസ്തു നികുതി അടവാക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം. 17/2021-22 തീ. 25.01.2023) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമായില്ല. നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-23 പൊളിച്ച് കളഞ്ഞ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഒഴിവാക്കുന്നതിലെ അപാകത

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 24 (3) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള ഏതെങ്കിലും കെട്ടിടം പൊളിച്ച് കളയുകയോ നശിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ, കെട്ടിട ഉടമസ്ഥൻ അതു സംബന്ധിച്ച് സെക്രട്ടറിക്ക് നോട്ടീസ് നൽകേണ്ടതും, ആ കെട്ടിടം പൊളിച്ചുവ കളയുകയോ നശിപ്പിക്കുകയോ ചെയ്യുന്ന അർദ്ധവർഷത്തിന്റെ അവസാനം വരെ, അപ്രകാരം ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ ചുമത്തപ്പെടുമായിരുന്ന വസ്തു നികുതി നൽകുവാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്

2021-22 സാമ്പത്തിക വർഷത്തിൽ, പൊളിച്ച് കളഞ്ഞ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഒഴിവാക്കുന്നതിനായുള്ള അപേക്ഷയിന്മേൽ 47 കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ആയതിനുള്ള അപേക്ഷ സമർപ്പിച്ചിരിക്കുന്ന തീയതിയും സഞ്ചയയിൽ ഫയൽ തീയതിയും തമ്മിൽ വളരെയധികം വ്യത്യാസം പല അപേക്ഷകളിലും കാണുന്നുണ്ട്. അപേക്ഷ തിയ്യതിക്ക് മുൻപുള്ള തിയ്യതിയായി സഞ്ചയയിൽ ഫയൽ തീയതി കാണിക്കുന്നതായും ചില അപേക്ഷയിന്മേൽ അപേക്ഷ തിയ്യതിക്ക് മുൻപുള്ള അർദ്ധവർഷത്തിലെ നികുതി ഒഴിവാക്കി നൽകിയതായും ശ്രദ്ധയിൽപ്പെട്ടു. ഇക്കാര്യം ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം.17/25.01.23) മറുപടി ലഭ്യമാക്കിയില്ല.

ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| ക്രമ. നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് | അപേക്ഷ തിയ്യതി. | ഫയൽ തിയ്യതി (സഞ്ചയ പ്രകാരം ) | നികുതി ഒഴിവാക്കി തുടങ്ങിയ കാലയളവ് |
|---|---|---|---|---|---|
| 1 | 6/246 | റിയാസ് | 07.03.2022 | 09.03.2022 | 2021-1 |
| 2 | 10/238 | ബ്രിജിത്ത് | 24.03.2022 | 13.11.2020 | 2021-1 |

| | | | | | |
|---|---|---|---|---|---|
| 3 | 11/226 | ധന്യ രാജു | 30.12.2021 | 31.12.2021 | 2021-1 |
| 4 | 5/337 | നളറനിസ | 04.01.2022 | 04.01.2022 | 2021-1 |

പൊളിച്ച് കളഞ്ഞ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഒഴിവാക്കുന്നതിനായുള്ള എല്ലാ അപേക്ഷകളും പരിശോധിച്ച് മുകളിൽ പറഞ്ഞിരിക്കുന്ന തരത്തിലുള്ള അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കുവാൻ താൽപര്യപ്പെടുന്നു.

## 1-24 MNREGS മെറ്റീരിയൽസ് സപ്ലൈ- ടെണ്ടർ നടപടികളിലെ അപാകതകൾ

MNREGS മെറ്റീരിയൽസ് സപ്ലൈ ചെയ്യുന്നതിനുള്ള ടെണ്ടർ/റീടെണ്ടർ പരസ്യത്തിൽ 21 നിർമാണ സാമഗ്രഹികൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ നിർമാണ സാമഗ്രഹികളുടെ നിരക്ക് ,ആവശ്യമായേക്കാവുന്ന അളവ് എന്നിവ കണക്കാക്കുകയോ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. എന്നാൽ ആകെ അടങ്കൽ തുക 30,00,0000 എന്നാണ് ടെണ്ടർ നോട്ടീസിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

മേൽ ടെണ്ടർ (ടെണ്ടർ തീയ്യതി -15/7/21)/റീടെണ്ടറുമായി(റീ ടെണ്ടർ തീയ്യതി -10/9/21) ബന്ധപ്പെട്ട് താഴെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. ആകെ അടങ്കൽ തുക എപ്രകാരമാണ് കണക്കാക്കിയതെന്ന് വ്യക്തമല്ല.അടങ്കൽ തുക 5 ലക്ഷം അധികരിച്ചെങ്കിലും ഇ ടെണ്ടർ നടത്തിയിട്ടില്ല.

2. ടെണ്ടർ സമർപ്പിച്ചതിൽ ശ്രീ ജോയൽ ജോയ് എസ്റ്റിമേറ്റ് നിരക്കിന് നിർമാണ സാമഗ്രഹികൾ സപ്ലൈ ചെയ്യാമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.എസ്റ്റിമേറ്റ് തുകയ്ക്കാണ് കരാറിലേർപ്പെട്ടിരിക്കുന്നതും. എന്നാൽ നിർമാണ സാമഗ്രഹികളുടെ പ്രൊക്യൂർമെന്റിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ലാത്തതാണ്.ഓരോന്നിന്റെയും നിരക്ക്, നിർമാണ സാമഗ്രഹികൾ വാങ്ങുന്നതിനുള്ള ടെണ്ടറിന് അടിസ്ഥാനമാക്കിയ എസ്റ്റിമേറ്റിലോ ടെണ്ടർ ഫോമിലോ കരാറിലോ രേഖപ്പെടുത്താത്തതിനാൽ ഏതു നിരക്കിലാണ് ഓരോ പ്രവൃത്തിക്കും സാധനങ്ങൾ സപ്ലൈ ചെയ്യുകയെന്ന് വ്യക്തമല്ല.(മൂന്ന് പ്രവൃത്തികൾക്കാണ് കരാറുകാരൻ സാധനങ്ങൾ സപ്ലൈ ചെയ്തതായി കാണുന്നത്. ഓരോരോ പ്രവൃത്തികൾക്കും തൊഴിലുറപ്പ് പ്രോഗ്രാം വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ആവശ്യമായ സാധനങ്ങൾ ആ എസ്റ്റിമേറ്റിൽ ചേർത്തിട്ടുള്ള നിരക്കിനാണ് ശ്രീ ജോയൽ ജോയ് സപ്ലൈ ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നത്)

മേൽ കാരണങ്ങളാൽ സാധനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച് ടെണ്ടറിൽ ഓരോ ഇനത്തിന്റെയും നിരക്ക് ക്വാട്ട് ചെയ്ത് വാങ്ങാത്തതിനാൽ ടെണ്ടറിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഫലവത്തായില്ല.ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 12 തീ 23/1/22 ന് ആകെ അടങ്കൽ കണക്കാക്കിയത് 9 വാർഡുകളിലെ വിവിധ പ്രവൃത്തികൾക്കാണെന്നും അതിൽ 3 എണ്ണം നിലവിൽ നടപ്പാക്കെന്നും ഓരോ പ്രവൃത്തിയും 5 ലക്ഷത്തിൽ അധികരിക്കാത്തതിനാലാണ് ഇ ടെണ്ടർ ചെയ്യാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്.മാത്രമല്ല എസ്റ്റിമേറ്റ് റേറ്റ് എന്നാൽ MNREGS ന്റെ സെക്യൂർസോഫ്റ്റ് പ്രകാരം വെബ്സൈറ്റിൽ ദൃശ്യമാകുന്ന നിരക്കാണെന്നും മറുപടി നൽകിയിട്ടുണ്ട്. ക്ര.ന 1,2 ആയി ചേർത്തിട്ടുള്ള അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതു്

## 1-25 ക്ഷേമപെൻഷൻ- ഡാറ്റാബേസ് അതാത് മാസം കാലികമാക്കേണ്ടതാണ്

ധനകാര്യ വകുപ്പിന്റെ ,23-9-20ലെ ഉത്തരവ് നം.(എം.എസ്)97/2020/ധന പ്രകാരം,മരണപ്പെടുന്നവരുടെ വിവരങ്ങൾ അങ്കണവാടി/ ആശാ വർക്കർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.ധനകാര്യവകുപ്പിന്റെ 5-11-20ലെ സർക്കുലർ നം.67/2020/ധന പ്രകാരം, പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നുണ്ട്. ഇത്തരത്തിൽ മരണപ്പെട്ടതിന് ശേഷവും ഗുണഭോക്താക്കളുടെ എക്കൗണ്ടിലേക്ക് തുക നൽകിയത് മൂലം സാമ്പത്തികനഷ്ടം ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും, സാമ്പത്തിക നഷ്ടം ഉള്ള പക്ഷം ആയത് ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതുമാണ്.

മേൽ ഉത്തരവ് ഖണ്ഡിക നം.12 പ്രകാരം മരണപ്പെടുന്നവരുടെയും, പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി ആശാവർക്കർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാബേസിൽ

നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. ഈ നിർദ്ദേശം സ്വീകരിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-26 കന്നുകുട്ടി പരിപാലനം- പദ്ധതിയിൽ നിന്നും വിട്ട് പോയ ഗുണഭോക്താക്കൾക്ക് വേണ്ടി അടവാക്കിയ പദ്ധതി വിഹിതം തിരികെ ഈടാക്കേണ്ടതാണ്.

വെറ്ററിനറി സർജൻ നിർവഹണോദ്യഗസ്ഥനായ, പദ്ധതി നം.57/22, കന്നുകുട്ടി പരിപാലന പദ്ധതി എന്നതിൽ, 26 ഗുണഭോക്താക്കൾക്കായി, ബിൽ നം.2/21-22,dt.28-9-21 പ്രകാരം 1,62,500/രൂപാ പ്രോജക്ട് ഡയറക്ടർക്ക് അടവാക്കിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും വിട്ട് പോയതായി കാണുന്നു.

| ഗുണഭോക്താവിന്റെ പേര് | തീറ്റ വാങ്ങിയതിന്റെ വിവരം |
|---|---|
| പ്രസീത ലാലൻ | 9/22 വരെ വാങ്ങി |
| വിജയ സുബ്രഹ്മണ്യൻ | 4/22 വരെ വാങ്ങി |
| ഗിരീഷ് പാലത്തറ | 10/21 മുതൽ വാങ്ങിയിട്ടില്ല |
| ശശികല കണ്ണംപറമ്പിൽ | 9/22വരെ വാങ്ങി |

പദ്ധതി പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് ഇവർക്ക് വേണ്ടി അടവാക്കിയ പദ്ധതി വിഹിതം പ്രോജക്ട് ഡയറക്ടറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

### 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം / തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | ലഭ്യമല്ല | ലഭ്യമല്ല | 9977333 | 1085333 | 0 | 8892000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | കെ.യു.ആർ ഡി.എഫ്.സി ലോൺ | | | | | | |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായത് താഴെ കൊടുക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ (ലഭ്യമാക്കിയ മറുപടി) |
|---|---|---|---|---|---|---|
| 2 | 2013-2014 | 2-2 | - | | തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ | പരാമർശ പ്രകാരമുള്ള മുഴുവൻ തൊഴിൽ നികുതിയും ഈടാക്കിയിട്ടുണ്ട്. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 61777757.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 62143847.00 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

-

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE /CH/SCH) |
|---|---|---|---|---|---|
| 1 | 1999-00 | LFT8-296/01 Dt. 15.5.01/2.8.01 | 8 | 35, 38, 41, 42(a), 44(1), 44(2), 44(3-1), 44(3-2) | |
| 2 | 2000-01 | LFT16-22/2003 Dt. 27.2.2003/4.9.03 | 7 | 25, 26, 28, 29, 30, 31, 32 | |
| 3 | 2002-03 | LFT16-1820/04 Dt. 9.02.2005 | 1 | 3-1 | SCH |
| 4 | 2003-04 | LFT16-1445/05 Dt.19.01.06/14.6.06 | 1 | 3-5 | |
| 5 | 2005-06 | LFT16-797/09 Dt. 22.9.10/17.2.2011 | 1 | 3-2 | |
| 6 | 2006-07 | LFT16-810/09 Dt. 22.09.10/31.3.11 | 2 | 2-1, 3-1 | |
| 7 | 2007-08 | LFT(P13)1859/10 Dt. 21.11.11/2.2.2012 | 2 | 3-9, 3-13 | |
| 8 | 2008-09 | LFT(P3)860/12 Dt. 2.11.12/13.03.13 | 2 | 3-1, 3-2 | |
| 9 | 2009-10 | LFT(P3)-861/12 Dt. 2.11.12/13.3.13 | 1 | 3-2 | |
| 10 | 2010-11 | LFT(P3)-862/12 Dt. 2.11.12/13.03.13 | 7 | 3-12, 3-15(3,4,5), 3-16, 3-17, 3-18, 3-19, 3-20 | |
| 11 | 2011-12 | LFT(P3)-192/13 Dt. 4.7.13/6.9.13 | 8 | 2-2, 3-2, 3-3, 3-12(Sl. No.2), 3-14(a,b), 3-16, 3-13(1), 3-15 | |
| 12 | 2012-13 | LFT(P3)-1026/14 Dt. 11.12.14 | 4 | 3-3, 3-4, 3-6, 3-8(1) | |
| 13 | 2013-14 & 2014-15 | KSATSR-P3-353/16 | 11 | 2-2 | CAR |

| | | | | | |
|---|---|---|---|---|---|
| | | Dt. 30.3.16 | | | |
| | | | | 3-5, 3-7, 3-15, 3-17, 3-20(5,6,8), 3-25, 3-31, 3-21, 3-23, 3-8 | |
| 14 | 2015-16 | KSATSR-P3-1909/2016 Dt. 17.11.2016 | 6 | 3-1, 3-5(1,2), 3-8, 3-12, 3-13, 3-6 | |
| 15 | 2016-17 | KSATSR-P3/1645/17 Dt.29.11.17/5.12.17 | 5 | 2-8, 3-1, 3-2, 3-8(1,2,3), 3-11(2) | |
| 16 | 2017-18 | KSATSR-P3/1871/18 Dt. 12.12.18/16.01.19 | 6 | 2-8(1എ), 2-8(2), 3-7, 3-8, 3-9(a)(b) യിൽ (Sl. No.1,2,3,5), 3-23 (1 മുതൽ 6 വരെ) | |
| 17 | 2018-19 | KSATSR-P3/449/20 Dt. 4.6.2020 | 14 | 1-11 | AFS അപാകത |
| | | | | 1-12, 1-14, 1-15, 1-17, 1-18(4), 1-21, 1-22, 1-26, 1-30(3,4), 1-31, 1-32, 1-36 | |
| | | | | 1-16(1,2) | ബഹു. ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നത് |
| 18 | 2019-20 | KSATSR-(P3)-588/22 Dt.29.06.2022 | 45 | 1-10,1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20,1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 1-39, 1-40, 1-41, 1-42, 1-43, 1-44, 1-45, 1-46, 1-47, 1-48, 1-49, 1-50, 1-51, 1-52, | |

| | | | | | |
|---|---|---|---|---|---|
| | | | | 1-53, 1-54, 1-55 | |
| 19 | 2020-21 | KSATSR(P3)-589/22 Dt.30.06.2022 | 48 | 1-10,1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20,1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 1-39, 1-40, 1-41, 1-42, 1-43, 1-44, 1-45, 1-46, 1-47, 1-48, 1-49, 1-50, 1-51, 1-52, 1-53, 1-54, 1-55 3-1, 3-2, 3-3 | |
| | ആകെ | | **179** | | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്